**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1912** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.വാങ്ങിയ പുതിയ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. പുതിയതായി എത്ര ബസ്സുകളാണ് വാങ്ങിയത്; അറിയിക്കാമോ; പയ്യന്നൂർ ഡിപ്പോയ്ക്ക് കീഴിൽ എത്ര ബസ്സുകളാണ് നിലവിൽ ഉള്ളത്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.ക്കായി 238 എണ്ണം ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിൽ 111 എണ്ണം ലഭിച്ചിട്ടുള്ളതിൽ 71 എണ്ണം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്. ശേഷിക്കുന്ന 40 എണ്ണത്തിന്റെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 470 ബസുകൾ നിരത്തിൽ ഇറക്കിയിട്ടുണ്ട്.<br><br>പയ്യന്നൂർ ഡിപ്പോയ്ക്ക് കീഴിൽ നിലവിൽ 74 ബസുകളാണ് ഉള്ളത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലക്കും പയ്യന്നൂർ ഡിപ്പോയ്ക്കും എത്ര പുതിയ ബസുകളാണ് അനുവദിച്ചിട്ടുള്ളത്;വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021-ന് ശേഷം) കണ്ണൂർ ജില്ലയ്ക്ക് (കണ്ണൂർ, പയ്യന്നൂർ, തലശ്ശേരി) 23 പുതിയ ബസ്സുകളും പയ്യന്നൂർ ഡിപ്പോയ്ക്ക് 4 പുതിയ ബസുകളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ